(ബി) ഭൂഗർഭജലം സംരക്ഷിക്കുന്നതിനും റീ ചാർജ് ചെയ്യുന്നതിനും ആയി പുതുതായി എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഇതുമൂലം ഭൂജല സംരക്ഷണരംഗത്തുണ്ടാവുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഡി) പാഴായിപ്പോകുന്ന മഴവെള്ളം ഉപയോഗയോഗ്യമാക്കാനുള്ള 'റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്' സ്കീമിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ശുദ്ധജലമെത്തിക്കുന്ന പദ്ധതിക്ക് ഭൂജല വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മാത്രമായി പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ ഭൂജലവകുപ്പിനില്ല. ഇത്തരം ഒരു പദ്ധതി വകുപ്പു നടപ്പാക്കിയിരുന്നത്, 1996 മുതൽ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുകയുണ്ടായി. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാ പഞ്ചായത്തുകളും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന ഭൂജല സ്രോതസ്സുകൾ ഉപയോഗിച്ചുള്ള കുഴൽക്കിണർ നിർമ്മാണ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുകയാണ് ഭൂജലവകുപ്പ് ഇപ്പോൾ ചെയ്യുന്നത്.

(ബി) 2000-2001 വർഷത്തെ വാർഷിക പദ്ധതിയിൽ ആർട്ടിഫിഷ്യൽ റീ ചാർജ്ജിനുള്ള ഒരു പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഇതുമൂലം ഭൂജലശേഖരം വർദ്ധിക്കുകയും ജലലഭ്യത മെച്ചപ്പെടുകയും തദ്ദാര ഗാർഹിക, കാർഷികാവശ്യങ്ങൾക്ക് മെച്ചപ്പെട്ട തോതിൽ ജലം ലഭ്യമാകുകയും ചെയ്തു.

(ഡി) ഭൂജല ശേഖരം റീ ചാർജ് ചെയ്യുന്നതിന് മഴവെള്ളം ശേഖരിച്ച് ഉപയോഗയോഗ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. പലകാരണങ്ങളാൽ നല്ല കുടിവെള്ളം സുലഭമായി ലഭ്യമല്ലാത്തയിടങ്ങളിൽ 'റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്'പദ്ധതികൊണ്ട് ഒരു പരിധി വരെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2000-2001 വർഷത്തിൽ 52 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(ഇ) 'രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പദ്ധതിക്ക് കേരള സർക്കാരാണ് രൂപം നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ കുഴൽക്കിണറുകൾ നിർമ്മിക്കുക, നിലവിലുള്ള കുഴൽക്കിണറുകളുടെ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുക, ഹാൻഡ് പമ്പ് മെയിന്റനൻസ് പരിശീലനം നൽകുക എന്നീ പ്രവർത്തനങ്ങളുടെ ചുമതല ഭൂജലവകുപ്പിനാണ് നൽകിയിട്ടുള്ളത്.

28 (*354) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം പരിശോധിക്കുന്നതിന് നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. പി.കെ. കുമാരൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന് പുതിയ മേഖലാ ഓഫീസുകളോ ജില്ലാ ഓഫീസുകളോ തുറന്നു പ്രവർത്തനം ആരംഭിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത വിപുലീകരണം എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്ന ഭവന നിർമ്മാണ ഗ്രാന്റ് ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർക്ക് മാത്രമെന്ന നിബന്ധനയ്ക്ക് എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ലക്ഷക്കണക്കിനു രൂപ ചെലവഴിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ രൂപപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ ഓഫീസുകളിൽ വിജിലൻസ് അന്വേഷണം ഏർപ്പെടുത്തുന്നതിനും അർഹരായവർക്ക് മാത്രമാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷന്റെ ഓരോ വർഷങ്ങളിൽ നടത്തിക്കഴിഞ്ഞതും വരുംവർഷങ്ങളിൽ നടത്താനിരിക്കുന്നതുമായ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ ചർച്ചകളിലൂടെയും ആഡിറ്റ് പരിശോധനയിലൂടെയും വിലയിരുത്താറുണ്ട്.

(സി) ഇല്ല. എന്നാൽ ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ പുതിയ മൂന്നു മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിന് 6.12.99ൽ ഉത്തരവായിട്ടുണ്ട്. ഇവ ഉടനെ പ്രവർത്തനം തുടങ്ങുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) എല്ലാ ജില്ലകളിലും കോർപ്പറേഷന്റെ ഓഫീസുകൾ ഘട്ടംഘട്ടമായി തുറന്നു പ്രവർത്തനം വിപുലീകരിക്കാനാണ് പരിപാടി.

(എഫ്) ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഈ സാമ്പത്തികവർഷം താഴ്ന്ന-ഇടത്തരം വരുമാനക്കാരായ സർക്കാർ, ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരും മാസവരുമാനം യഥാക്രമം 2100-4500 (താഴ്ന്ന) 4500-10,000 (ഇടത്തരം) ഉള്ളവരുമായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഹഡ്കോയുടെ സഹകരണത്തോടെ ഭവന നിർമ്മാണ വായ്പ നൽകാൻ ഉദ്ദേശിക്കുന്നു. താഴ്ന്ന വരുമാനക്കാർക്ക് 75,000/- രൂപയും ഇടത്തരം വരുമാനക്കാർക്ക് 1,85,000 രൂപയും വായ്പ നൽകുന്ന പദ്ധതിയാണ് പരിഗണനയിലുള്ളത്. മൊത്തം 150 പേർക്ക് വായ്പ നൽകുവാൻ ഉദ്ദേശിക്കുന്നു.

കൂടാതെ സ്ഥലവും വീടും ഇല്ലാത്തവരും 2100-4500 നും ഇടയ്ക്ക് വരുമാനം ഉള്ളവരുമായ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി 1,25,000/- രൂപ വായ്പ നൽകുന്ന പദ്ധതിയും പരിഗണിച്ചു വരുന്നു.

(എച്ച്) നിയമാനുസൃതമായ സപ്ളിമെന്ററി ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ റിവ്യൂ ആഡിറ്റ് എന്നിവ കാലാകാലങ്ങളിൽ നടക്കുന്നുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷനിലെ സീനിയർ സൂപ്രണ്ടിനെ വിജിലൻസ് ആഫീസറായി നിയമിച്ചിട്ടുണ്ട്. അപാകതകൾ കണ്ടെത്തുന്ന കേസുകൾ വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കുന്നുണ്ട്. കോർപ്പറേഷൻ ബോർഡും സർക്കാരും അംഗീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് കോർപ്പറേഷന്റെ എല്ലാ പദ്ധതികളും നടപ്പിലാക്കി വരുന്നത്. അർഹരായവർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ നൽകുന്നത് എന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

29 (*355) പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ പ്രവർത്തനപുരോഗതി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് രൂപം നൽകിയ പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ പ്രവർത്തന പുരോഗതി വിശകലനം ചെയ്യുമോ;

(ബി) അക്കാഡമിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസമാഹരണത്തിന് ഏതൊക്കെ ഏജൻസികളിൽ നിന്നും ഏതൊക്കെ ഇനത്തിൽ തുക ലഭ്യമായി എന്ന് വിശദീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1999 ഏപ്രിൽ രജിസ്റ്റർ ചെയ്ത ടി സ്ഥാപനം ഈ അദ്ധ്യയനവർഷം തന്നെ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചുകഴിഞ്ഞു. 240 വിദ്യാർത്ഥികൾക്ക് ഉള്ള പഠനസൗക

LIBRARY ARCHIVES Kerala Legislative Assembly